തുടർന്ന് അവിടുത്തെ ക്യാന്റീനിൽ നിന്നും പ്രഭാതഭക്ഷണവും കഴിച്ചു, ഞങ്ങൾ മടക്ക യാത്ര ആരംഭിച്ചു. തിരികെ പമ്പാനദിയുടെ അരികിലൂടെ യാത്ര ചെയ്തപ്പോൾ പണ്ടെങ്ങോ കേട്ട് മറന്ന ഒരു ഗാനശകലം മനസ്സിലെത്തി...
'പമ്പാ നദിയിലെ സലിലം കോരിയാൽ..
കണ്ണീരാണതിൽ ഏറിയ പങ്കും..."

അതെ ഈ പരിശുദ്ധന്റെ പാദപീഠത്തിൽ വന്നിരുന്നു കണ്ണീരോടെ പ്രാർത്ഥിക്കുന്നവർ അനേകരാണ്...അതിനൊക്കെയും അവർക്കു ഫലം ലഭിക്കുകയും ചെയ്യും..

ജീവിതത്തിലെ മനോഹരമായ ഒരു ദിവസം പരിശുദ്ധന്റെ സന്നിധിയിൽ ചിലവഴിച്ച ശേഷം മടങ്ങുമ്പോൾ ഞങ്ങളുടെ ഉള്ളിലും ഒരു പ്രാർത്ഥന മാത്രം... പുണ്യപിതാവേ ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിയ്ക്കേണമേ...








***Saying : Prayer' as Thirumeni views***

*Prayer is the inspiration of childhood refuge of youth and peace during old age. God accepts prayers made with a heart full of devotion and we receive blessings in return. Prayer helps education, to cultivate truth, moral values, faith, devotion and mutual respect among people. He who prays everyday, can only stand for truth,moral principles, faith and devotion and can never turn against his master or society. Prayer is the golden chain that binds this world to the feet of God.*



Drawing By:
Reni Thomas, MMVS

## *SGOCT Parish & Parumala Thirumeni – Our Family Intercessor*

**By: Karottu T George (Seniors Forum)**

Born on June 15, 1848, in Mulanthuruthy in a family favoured by the ruling Kochi royal family, the ancient Chathuruthy house, grew up inculcated in the virtues of truth, love, humility, and mercy in childhood and gradually grew up in Christ, and being consecrated as bishop on December 10, 1876, by Peter III Patriarch of Antioch, and had made great contributions in the field of education and social reforms, Parumala Thirumeni, who dedicated his life as a good shepherd and who gave comfort to the sick and downtrodden, and uplifted the Malankara Church before the world, stood as the ideal shepherd of Malankara children. Having been canonized as a saint by the Malankara Orthodox Church in 1947, 45 years after Thirumeni's passing,

Thirumeni has been a source of intercession and blessing for the Orthodox and other believers around the world. He was the first native Indian canonized as a saint. So, whenever orthodox believers migrate to other countries and decide to form a congregation, the first name that comes to their minds is the name of their first native saint who sheds spiritual light as an unquenchable lamp in the realm of their hearts.

When they established a church in Toronto, they were not in two minds about the Patron Saint of the parish. It was also possible that one of the founders of this congregation hailed from a place very near to Parumala and that might have influenced the name selection.Thus, SGOCT Parish was founded in Toronto as the Parumala of Canada.

The first intercessory experience that my family was blessed with is related to my wife's illness and passing. During the 100th anniversary of the Feast of Parumala, there was a meeting during November 2002 Perunaal Qurbana. My wife was the keynote speaker at that meeting. Being born a Marthomite, she had little knowledge about Thirumeni's life and his mission. She invested a lot of time reading on Thirumeni and prepared the speech. Little did the congregation know that she was a cancer patient.

After the Perunaal, she went to Malaysia for naturopathy treatment. She returned from treatment with remission of cancer. But after a few weeks, the cancer returned with a vengeance. During that time, the parish was a war zone with two factions fighting each other over various issues. The Metropolitan withdrew the vicar. November 2, 2003 was coming close and we were wondering how we would celebrate the Perunaal. No achen would dare to come to the parish in defiance of the bishop. My wife was in the last stage of her life. Who would officiate her funeral? These were questions in our minds. I remember praying before Parumala Thirumeni's shrine in the church to intercede on our behalf. Thirumeni heard our request for intercession and an unthinkable answer came in the form of Pathickal achen who landed in time for Perunaal. He came to my house and gave the last rites to my wife. He officiated my wife's funeral. It was a superb Celebration of Life. My colleague from Toronto Police Service whose wife is a United Church minister told me later that he comprehended everything that was going on in the service even though he did not know a word of Malayalam. I believe that Parumala Thirumeni remembered my wife's role on his 100th Feast in our parish and interceded on her behalf so that she received a proper funeral.

We hear many stories about the miracles attributed to Parumala Thirumeni. Many of them are written, and many are unwritten. An experience of a family in Mulanthuruthy as a result of the Thirumeni's prayers is narrated here as told to me by a member of that family.

In an ancient family of Mulanthuruthi, there was an ongoing crisis. It wasn't financial. The family tried many remedies but the crisis continued. At last, the head of the family sought the help of a famous Hindu Kaniyaan - a caste of astrologers. When Kaniyaan went to that house and looked at the problem, he saw that this house had a 'bad darshan' (a cursing look) of the goddess of the nearby temple. He said that he would come back later to do the remedial puja as he was on another assignment. In the meantime, Parumala Thirumeni came to know the plight of this family. His family and this affected family were close to each other. Thirumeni prayed for this family when he came to Mulanthuruthy, his birthplace. After a few days, the Kaniyaan came to this house and was amazed. Kaniyaan said that there was no darshan of the goddess as a result of prayer by a Siddhan (divine person) and the family would not have the old problem again. True to his prediction, there were no more such problems in that family.

This story may have been in print and told many times. But, there have been many events that have not been written down. The following is one such event. I am fortunate to be acquainted with that member of the above family where the miracle happened. He told me about another miraculous incident that happened. When Parumala Thirumeni went to their house, he gave a cross to the then head of that family. In the course of time, the cross was handed over to the father of the person I met who, in turn, gave it to his children. One day, this person's brother-in-law was bedridden with a serious illness. No treatment worked. It was then that the family remembered the cross Parumala Thirumeni gifted to the family. They got the cross and placed it under the sick man's pillow. As they watched in amazement, the seriously ill patient raised his head and got up. After that, he lived in good health for many more years. But, this is an event known only in that family.

Similarly, I came in contact with a person related to Parumala Thirumeni's family, Chathuruthy House. I continue my warm friendship with him. His mother belongs to the Chathuruthy Family. I also saw his mother, a truly devout ammachi. After studying in Canada and working in Canada and America, he is now retired and living in Kerala. When I went to Kerala in 2023, he visited me. As per his wish, we went on a pilgrimage to Parumala. Even though the Chathuruthy

Family belongs to the patriarch faction, they used to go to Parumala for Perunaal. My friend told me one reason for that. There was a custom in the church that one member of the Chathuruthy Family should be a witness during the counting of the offerings falling on the Parumala Perunaal. But that tradition is no more practiced as per information available to me. But, members of Chathuruthy Family are still warmly treated whenever they visit Parumala Church.

We visited Parumala and after that Niranam church. At Niranam church, we visited the treasure-stocked museum where many ancient artefacts about church and period furniture are kept and maintained. Many of us might have seen the bed Parumala Thirumeni used at the Parumala church. But Niranam was the first headquarters of Thirumeni. The bed used by Thirumeni at Niranam is shown below.

Many of the current generation may know Parumala Church as the only pilgrimage centre blessed by Parumala Thirumeni. Yet, it is not the first headquarters of the Saint. Niranam Church was believed to be one of the seven churches founded by St. Thomas the Apostle in India. People of central Malankara (Kerala) had no other Church to bury their departed. All Christians went to Niranam Church for all their religious needs including burials. There was no division among Christians in olden days. So, Niranam Church became a focal point and a pilgrimage centre in the life of Christians.

When Parumala Thirumeni was assigned to central Travancore (Kerala), Niranam became his natural headquarters. People started flocking to Niranam to seek his blessing. In course of time, Thirumeni found it very difficult to manage his pastoral and administrative affairs because of overcrowding and limited space available there. There is a prominent family in Parumala, Arikupuram family. The head of that family suggested a solution to Thirumeni by offering part of his property to set up a new headquarters. Thirumeni agreed and moved to Parumala bringing along with him 13 families from Mulanthuruthy, his birth place. That is the origin of Parumala pilgrimage centre as we know now. You can visit the original house known as Azhippura - Small building within the compound of Parumala Church where Thirumeni stayed. He used the same place for training the deacons. Many of the businesses we see at Parumala are owned by the descendants of those original 13 families from Mulanthuruthy.(This information was shared with me by a 90+ years old priest who used to be my father's friend and with whom I maintain a cordial relationship)hicker bible on Thirumeni's bed.}





(L) Bed used by Parumala Thirumeni at Niranam – Niranam Museum
(R) A meticulously carved Urn – Niranam Museum
{I noticed that the Bible was unusually thicker than what we see today. I enquired about it out of curiosity. Our family friend Achen told me an interesting history of early-period printing. In those days, printing was done by stone press (Kal Achhe - കൽ അച്ചു). What it means is that the words, mostly in Malayalam or Syriac language, were etched on stones to create dies, and those dies were pressed on paper. So, on each page fewer words were possible and hence a larger number of pages were needed to print the entire bible. That is why we see a thicker bible on Thirumeni's bed.}



*The wooden jar containing centuries-old anointing ointment blessed by Holy Fathers – Niranam (The oil used to be shared with other churches, but stopped sharing due to dwindling supply)*



*The beautiful ceiling of the museum – showing the intricate carpentry of the period – Niranam*

The authority of fathers and shepherds does not depend on formal structures. Love and care are the rules here. No matter what law is introduced, if there is no love and mercy, shepherding and fatherhood will not function properly. In the Christian priesthood, we really emphasize the gifts of fatherhood, shepherding, and teaching – not too formal structures and rules. Parumala Thirumeni stood among us as the good shepherd, father, and teacher, the living presence of Jesus Christ, through a harmonious combination of royal priesthood and prophetic asceticism. Today, at least some of our fathers and shepherds want to be known as rulers who dominate, efficient organizers, social leaders who build many institutions, community leaders who associate with political leadership and the wealthy class. In the process they may, at times, deviate from core Christian values. Let us seek refuge in the intercession of Parumala Thirumeni to lead the laity and the priestly to uphold core Christian values and live in the genuine and uncorrupted faith and associated unique Divine Liturgy our departed spiritual fathers and Doctors of the Church delivered to us.



Drawing By:
Ann Varughese
MMVS

## പരുമല തിരുമേനി ഭക്തി ഗാനങ്ങൾ - ഒരു ആസ്വാദനം

By: Sherly George, Oleena Blessen & Jaya Soney (Choir)

പരുമല തിരുമേനിയെക്കുറിച്ചുള്ള പാട്ടുകളുടെ സമ്പന്നമായ ഒരു ശേഖരം നമുക്കുണ്ട്. തിരുമേനിയുടെ പെരുന്നാൾ ആഘോഷങ്ങൾക്കും പദയാത്രയ്ക്കുമായി നമ്മൾ അത്തരം ഗാനങ്ങൾ ആലപിക്കുകയും കേട്ട് ആസ്വദിക്കുകയും ചെയ്യാറുണ്ട്. 1984-ൽ തരംഗിണി പുറത്തിറക്കിയ "പരുമല തിരുമേനി" എന്ന ആൽബം ചിരസമ്മതമായ ഒരു നിർമ്മിതി ആണ്. അതിലെ ഗാനങ്ങൾ ഒക്കെ വളരെ ഹൃദ്യമാണ്. ഒരു പക്ഷെ നമ്മുടെ പിന്തലമുറക്കാർക്കു പോലും മനഃപാഠം ആയിരിക്കും ഈ ഗാനങ്ങൾ. "പരുമല തിരുമേനി" എന്ന ആൽബത്തിലെ ചില ഗാനങ്ങൾ നമുക്കൊന്ന് പഠനവിധേയമാക്കാം. ഇതിൻറെ രചന നിർവഹിച്ചിരിക്കുന്നത് ആർട്ടിസ്റ്റ് ബേബി ചെങ്ങന്നൂർ ,സംഗീതം ജെറി അമൽദേവ്, ആലപിച്ചിരിക്കുന്നത് കെ. ജെ. യേശുദാസും മറ്റു ചിലരും . ആർട്ടിസ്റ്റ് ബേബി ചെങ്ങന്നൂർ ആണ് ഇന്ന് നാം കാണുന്ന തിരുമേനിയുടെ ചിത്രങ്ങൾ മിക്കതും വരച്ചത്. പരിശുദ്ധ തിരുമേനിയുടെ ഭക്തനായ ആർട്ടിസ്റ്റ് ബേബി 1960-ൽ ഗീവര്ഗീസ് ദ്വിതിയൻ ബാവായുടെ പ്രേരണയും അനുഗ്രഹവും കൊണ്ടാണ് ചിത്രങ്ങൾ വരച്ചു തുടങ്ങിയത്. വിശുദ്ധിയിലേക്ക് ഉയർന്ന് അനേകരെ വിശുദ്ധിയിലേക്ക് നയിച്ച വിശുദ്ധന്റെ ജീവിതം തീർച്ചയായും പഠിയ്ക്കേണ്ടത്. പരിശുദ്ധ തിരുമേനിയെ കുറിച്ച് കണ്ടത്തിൽ വര്ഗീസ് മാപ്പ്ല അനുസ്മരിച്ചത്," പത്തു കല്പനകൾ എഴുതിയ കല്പലകകൾ പോലെയും കർത്താവിന്റെ സദാചാര വാക്യങ്ങൾ മാത്രമെഴുതിയ സുവിശേഷ പുസ്തകം പോലെയും ശോഭിച്ചു" എന്നാണ്.

1. യാമം തോറും കണ്ണീരായ് - ആസ്വാദനം - Sherly George

യാമം തോറും കണ്ണീരായ്
കർത്തൃ സന്നിധേ സാഷ്ടാംഗം
യാചന നോമ്പുപവാസങ്ങൾ
പാലിച്ചോനെ പരിശുദ്ധാ

ഭാരം പേറും ഹൃദയവുമായ്
ശോകാർദ്രർ നിൻ തനയന്മാർ
തിരുമേനി തവ കബറിങ്കൽ
നിറമിഴിയോടെ അണയുന്നു

പ്രാർത്ഥിക്കണമേ കൃപയേകാൻ
ഉന്നത താതൻ സന്നിധേ
ആത്മദുഃഖം മാറീടാൻ
മാദ്ധ്യസ്ഥം നീ നൽകണമേ

തീരാനഷ്ട രോഗങ്ങൾ
ദുഃഖങ്ങൾ തിരുമുമ്പിലായ്
പാരം താണിവർ അർപ്പിക്കാം
കരയുന്നോരിൽ കനിയണമേ ....

മണ്ണിൽ നിൻ വിശ്രാമത്താൽ
ശുദ്ധിയെഴും കബറിടമിന്നും
എന്നും രക്ഷാ സങ്കേതം
ഞങ്ങൾക്കായി വിളങ്ങേണം

പരുമല തിരുമേനിയെക്കുറിച്ചുള്ള ഭക്തി ഗാനങ്ങളുടെ ആസ്വാദനം എഴുതാൻ ഒരുങ്ങുമ്പോൾ നമ്മുടെ പെരുന്നാൾ റാസയിലും കൈമുത്തുമ്പോഴും കേൾക്കാറുള്ള ഈ വരികൾ മനസ്സിൽ വരുന്നു.

**"ബാല്യത്തിൽ തന്നെ, ദൈവത്തിനുവേണ്ടി സ്വയമർപ്പിച്ചവനെ, ആജീവനവും അനന്തരവും ദിവ്യാത്ഭുതകരനെ ദിവ്യ, പരനുടെ പരിമള ഭാജനമേ, പരുമല മരുവും തിരുമേനീ, ഓർക്കണമേ ഞങ്ങളെ എന്നാളും"**

ബാല്യത്തിൽ തന്നെ ദൈവത്തിനു സമർപ്പിച്ച തിരുമേനി മുളംതുരുത്തിയിൽ നിന്നും പരുമല ദ്വീപിലേക് വന്നു പരുമല ദ്വീപ് പരിമള ദ്വീപ് ആക്കി മാറ്റി. നാനാ ജാതികൾക്കു അഭയകേന്ദ്രമായി. അഭയാർത്ഥികൾക്ക് അഭയം നൽകിയും, വേദനിക്കുന്നവർക്കു ആശ്വാസം പകർന്നും, പ്രതിസന്ധികളിൽ പെട്ടവരെ വിടുവിച്ചും, ആവശ്യക്കാരുടെ ആവലാതികൾക്കു പരിഹാരം ഉണ്ടാക്കിയും പരുമല ദ്വീപ് തീർത്ഥും വിശുദ്ധഭൂമി ആക്കി മാറ്റി തിരുമേനി.

അതിമനോഹരമായി ശുദ്ധസുന്ദരമായവരികളിൽ ആർട്ടിസ്റ്റ് ബേബിയുടെ അനുഗ്രഹീതകരം പരുമല തിരുമേനിയുടെ പ്രാർത്ഥനാജീവിതത്തിന്റെ മുഴുവൻ ഭംഗിയും സല്ഫലങ്ങളും യാമം തോറും എന്നുതുടങ്ങുന്ന ഈ ഭക്തി ഗാനത്തിൽ ആവാഹിച്ചിരിക്കുന്നു.

പരുമല തിരുമേനിയുടെ ജീവിത ചരിത്രം മുഴുവനും നമ്മൾക്ക് ഈ ഭക്തി ഗാനങ്ങളിലൂടെ വായിച്ചെടുക്കാം. വിശുദ്ധരുടെ ജീവചരിത്രം വായിയ്ക്കുന്നതിലൂടെയും ധ്യാനിക്കുന്നതിലൂടെയും, അതു നമ്മുടെ ജീവിതത്തിലും മാതൃകയാക്കാൻ നമുക്ക് ശ്രമിക്കാം. സമൃദ്ധിയായ ജീവിതം നയിക്കാൻ അതു നമ്മേ സഹായിക്കും. മരുഭൂമിയിലെ നക്ഷത്രം എന്നറിയപ്പെടുന്ന മാർ അന്തോണിയോസിന്റെ ജീവിത ശൈലിയിൽ ആകൃഷ്ടനായ തിരുമേനിയുടെ ലക്ഷ്യവും അഭിലാഷവും വൃതാനുഷ്ഠനങ്ങളിലും യാമപ്രാർത്ഥനകളിലും മാത്രം ഏർപ്പെട്ടു ജീവിതം മുന്നോട്ടു കൊണ്ടുപോകുക എന്നതായിരുന്നു.
1 തെസ്സലോനിക്യർ 5:17 - "ഇടവിടാതെ പ്രാർത്ഥിപ്പിൻ" എന്ന തിരുവചനം തിരുമേനിയുടെ ജീവിത്തിലും നമുക്ക് ദർശിക്കാം.

ഗുരുഭക്തി, വിനയം, അനുസരണം, സ്നേഹം, മുതലായ വിശിഷ്ട ഗുണങ്ങൾ കൊണ്ട് മറ്റുള്ളവർക്ക് തിരുമേനി ഒരു മാതൃകയായിരുന്നു. തിരുമേനിയുടെ ദൈവാശ്രയവും ദൃഢനിശ്ചയവും ആണ് എല്ലാ പ്രതിസന്ധികളെയും മറികടന്നു വിജയത്തിലേക്കു നയിച്ചത്. ആ അടിയുറച്ച വിശ്വാസവും ദൈവാശ്രയവും നമ്മുടെ ജീവിതത്തിലും പകർത്തുവാൻ നമുക്ക് ശ്രമിക്കാം.

തിരുമേനി പഠിപ്പിച്ചത് "പ്രാർത്ഥന എന്നതു ശൈശവത്തിലെ ഉത്സാഹവും യൗവനത്തിലെ ആശ്രയവും വാർദ്ധക്യത്തിലെ സമാധാനവും ആകുന്നു" എന്നതാണ്. തിരുമേനിയുടെ പ്രാർത്ഥനമൂലം അനേക രോഗികൾക്ക് വസൂരി, പിശാചുബാധ, അപസ്മാരം മുതലായ രോഗങ്ങൾ സൗഖ്യമായിട്ടുണ്ട്. തന്റെ പ്രാർത്ഥനാജീവിതം, ജീവിതഘടകമെന്നതുപോലെതന്നെ തിരുമേനിയിൽ രൂഢമൂലമായിത്തീർന്നു. രോഗങ്ങളാലും പ്രയാസങ്ങളാലും വലയുന്ന അനേകർ ജാതിമത ഭേദമെന്യേ പ്രത്യാശയോടെയാണ് തിരുമേനിയുടെ കബറിങ്കൽ വന്ന് മാധ്യസ്ഥം തേടുന്നത്. തങ്ങളുടെ രക്ഷാ സങ്കേതമായി ഈ പുണ്യവാന്റെ കബറിടം അവർ കാണുന്നു. അവിടെ തിരുമേനിയുടേ സാമീപ്യം അനുഭവിക്കുന്നവർക്ക് എപ്പോഴും ഒരു ദിവ്യ ചൈതന്യം ലഭിയ്ക്കുന്നു.

1. **പരുമലയിൽ വാഴും നാൾ തിരുമേനി സന്ധ്യക്ക് - ആസ്വാദനം**

Oleena Blessen

പരുമലയിൽ വാഴും നാൾ തിരുമേനി സന്ധ്യക്ക്
പരിചോടു തൻ പ്രാർത്ഥനകൾ നിറവേറ്റിട്ട്
അഴിയിൽപ്പുര മുറ്റത്തു നടന്നീടുമ്പോൾ മുൻപിൽ
അതിരിൽ ഒരു രൂപം കണ്ടത്ഭുതമാർന്നു
ആരാണെന്നവിടുന്നങ്ങാരാഞ്ഞതിനുത്തരമായി
ആ രൂപം ഞാൻ നിൻറെ പിതാവെന്നലറി
മറുപടിയും മാരകമാം രൂപമതും ബോധ്യമതാൽ
മറ്റാരുമല്ലെന്നങ്ങ് അനുമാനിച്ചു

സാത്താനെ ജയിച്ചോനാം തൻ താതനിൽ മിഴി നട്ടു
സാഷ്ടാംഗം കുരിശുവരച്ചു അർപ്പിച്ചപ്പോൾ
ഇടിവെട്ടും ശബ്ദത്തോട ആ കല്കരുസ്സു താനും
ഇരുളിൻ മറവിൽക്കൂടീട്ടു അലറിപ്പാഞ്ഞു
സത്യേക ദൈവത്തിൻ വത്സലനാം തിരുമേനിയെ
സാത്താൻ പരീക്ഷിച്ചു പരാജിതനായി
പാരിടവും വാനിടവും അഴിയും വരെ നിലനിൽക്കും
പാവനനാം തിരുമേനി തവ ചരിതങ്ങൾ

തിരുമേനിയുടെ ചിത്രം സ്റ്റേറ്റ് മാന്വലിൽ ചേർക്കാൻ
തിരുവനന്തപുരം ദീവാൻ ഉത്തരവായി
ഉത്തരവ് ലഭിച്ചതിനാൽ ഛായാഗ്രഹണത്തിന്നായി
ഉടനെ ഡിക്രൂസെന്ന സായിപ്പെത്തി
പ്രാർത്ഥന തീരും വരെയും കാത്തങ്ങിരുന്നിട്ടും
ഛായാഗ്രഹണത്തിന്നു വെളിച്ചം പോരാ
അവസരമേറെ പാഴായി ദിവസം മൂന്നു കഴിഞ്ഞു
അവസാനം തിരുമേനി വിവരം അറിഞ്ഞു

തൻ രൂപം ഛായാഗ്രഹണം ചെയ്തീടുവാൻ
തിരുമേനി വന്നതോ നട്ടുച്ചക്ക്
പറ്റിയതല്ലീ സമയം ചിത്രം മിഴിവാകൂല
തീർച്ചമോടാ സായിപ്പ് മൊഴിഞ്ഞതു നേരം
കത്തി ജ്വലിക്കുന്ന സൂര്യഗോളത്തിന്റെ
ശക്തിക്കൊരല്പം ശമനം കിട്ടാനായി
കുരിശേന്തും കരം ഉയരെ നീട്ടി താൻ പ്രാർത്ഥിച്ചു
കാർമേഘം പകലോനൊരു മറവായി നിന്നു

കായൽ തിരമാലകളും കാറ്റും പേമാരിയെയും
കർത്താവിൻ നാമത്തിൽ വരുതിയിലാക്കി
കഠിനമതാം വ്യാധികളും പൈശാചിക ബാധകളും
കർശനമായി ശാസിച്ചവൻ അത്ഭുതവാനായി

കർത്താവിൻ കല്ലറയും മറുരൂപത്തിൻ മലയും
കാൽവരിയും മർക്കോസിൻ മാളികമുറിയും
യോർദാൻ നദി ബെത്ലെഹേം ഗത്സമനെ എന്നുള്ളവ
ഓരോന്നും നേരിൽ കണ്ടീശനേ വാഴ്ത്തി
അവിടുത്തെ ശാസന കേട്ടനുസരണം കാട്ടാത്തോർ
അവശതയോടവിടുത്തെ സവിധെ എത്തും
ആത്മീയ വൈദിക ശ്രേഷ്ടരായാൽ പോലും
അവിടുത്തെ തിരുമുൻപിൽ വിറ കൊണ്ടീടും

"പരുമലയിൽ വാഴും നാൾ തിരുമേനി സന്ധ്യക്ക്…" എന്ന ഗാനം പരുമല തിരുമേനിയുടെ പ്രാർത്ഥനയിൽ അധിഷ്ഠിതമായ അത്ഭുത സിദ്ധിയെ വിളിച്ചോതുന്നു. സൂര്യനെയും മഴയെയും കാറ്റിനെയും പോലും നിയന്ത്രിക്കാൻ തിരുമേനിക്ക് സാധിച്ചിരുന്നു. രോഗശാന്തി ഉൾപ്പെടെ നിരവധി അത്ഭുതങ്ങൾ തിരുമേനിയുടെ നാമധേയത്തിൽ ഉണ്ട്. താരതമ്യേനെ ഹ്രസ്വ ജീവിതകാലമായിരുന്നിട്ടുകൂടി ധാരാളം അത്ഭുതമേറിയ സംഭവങ്ങൾ തിരുമേനിയുടെ ജീവചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അഴിപ്പുരയിൽ താമസിച്ചിരുന്ന കാലത്തു ഉണ്ടായ സംഭവം വളരെ അതിശയത്തോടെ ആണ് ഇന്നും അവിടുത്തെ നിവാസികൾ ഓർക്കുന്നത്. പൂർണ്ണചന്ദ്രൻ ഉള്ള ഒരു രാത്രിയിൽ തിരുമേനി പതിവുപോലെ നമസ്കാരവും കഴിഞ്ഞു നടക്കാൻ ഇറങ്ങിയപ്പോൾ ഒരു കറുത്ത രൂപം കണ്ടു. ഇരുട്ടായതിനാൽ രൂപം അത്ര വ്യക്തമായിരുന്നില്ല. പരിസരവാസികൾ ആരെങ്കിലും ആകുമെന്ന് കരുതി തിരുമേനി വീണ്ടും നടത്തം തുടർന്നു. പിന്നീട് വീണ്ടും ആ സ്ഥലത്തു വന്നപ്പോൾ അതെ രൂപം അവിടെ നില്കുന്നത് കണ്ടു തിരുമേനി ആരാണെന്നു ചോദിച്ചു. പിതാവാണെന്നു മറുപടി ലഭിച്ചപ്പോൾ തന്നെ തിരുമേനി പരീക്ഷ തിരിച്ചറിഞ്ഞു. സാത്താൻ തിരുമേനിയെ തകർക്കാൻ വന്നെങ്കിലും തിരുമേനി സാത്താനെ തന്റെ സ്ലീബായാൽ നേരിട്ടപ്പോൾ സാത്താൻ പേടിച്ചു ഓടിപോയി. തിരുമേനിക്ക് ആത്മാക്കളെ തിരിച്ചറിയാനുള്ള ദിവ്യശക്തി പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും ലഭിച്ചിരുന്നു.

യോശുവയെ പോലെ സൂര്യനെ തന്റെ നിയന്ത്രണത്തിൽ ആക്കിയ ഒരു സംഭവം ആണ് ഡിക്രൂസ് സായിപ്പ് ആയി ബന്ധപ്പെട്ടിട്ടുള്ളത്. തിരുവനന്തപുരം ദിവാന്റെ ഉത്തരവ് പ്രകാരം പരുമല തിരുമേനിയുടെ ചിത്രം പകർത്താൻ ഡിക്രൂസ് സായിപ്പു തിരുവനന്തപുരം പാളയം പള്ളിയുടെ അരമനയിൽ തിരുമേനിയെ കാണാൻ എത്തി. മുപ്പതിൽ അധികം വർഷത്തെ പ്രവൃത്തിപരിചയമുള്ള അദ്ദേഹം തിരുമേനിയുടെ ചിത്രം പകർത്താൻ എത്തിയ ദിവസം ഒട്ടും അനുകൂലമായിരുന്നില്ല. പല പ്രാവശ്യം ശ്രമിച്ചെങ്കിലും ചിത്രം പകർത്താനുള്ള സാവകാശം തിരുമേനിക്ക് ഉണ്ടായിരുന്നില്ല.

പിന്നീട് മൂന്നു പ്രാവശ്യം തിരുമേനിയുടെ സൗകര്യപ്രദമായ സമയം ലഭിക്കുന്നതിനായി ഡിക്രൂസ് സായിപ്പ് തിരുമേനിയെ സന്ദർശിച്ചു. ഒരു ദിവസം പത്തുമണിയ്ക്കു ഒരു അവസരം കിട്ടി. അപ്പോഴേക്കും സൂര്യപ്രകാശം വളരെ തീഷ്ണമായി കഴിഞ്ഞിരുന്നു. സൂര്യപ്രകാശത്തിന്റെ കാഠിന്യത്താൽ ചിത്രം തെളിയാതെ വന്നു. ഡിക്രൂസ് സായിപ്പു തന്റെ സങ്കടം തിരുമേനിയെ അറിയിച്ചപ്പോൾ തിരുമേനി പള്ളിമുറ്റത്തു വച്ച് സ്ലീബാ എടുത്തുയർത്തി വാഴ്ത്തി. അപ്പോൾ സൂര്യന്റെ കഠിനമായ രശ്മികൾ മേഘത്താൽ മൂടപ്പെട്ടു. ഡിക്രൂസ് സായിപ്പു സസന്തോഷം ചിത്രം പകർത്തി തിരുമേനിക്ക് നന്ദി പറയുകയും തിരുമേനിയുടെ ദിവ്യശക്തി അനുഭവിച്ചറിയുകയും ചെയ്തു.

ഇമ്പമേറും തുമ്പോൺ പള്ളി എന്ന് തുമ്പമൺ പള്ളിയെക്കുറിച്ചു പറയുന്നു. വസൂരി രോഗത്താൽ അനേകർ മരിക്കുമ്പോൾ തിരുമേനി ജാതിമതഭേദമെന്യേ ഭവനങ്ങൾ സന്ദർശിച്ചു. തിരുമേനിയുടെ സന്ദർശനങ്ങൾ അവർക്കു വളരെ ആശ്വാസപ്രദം ആയിരുന്നു. തിരുമേനിയുടെ പ്രാർത്ഥനകളും സേവനങ്ങളും അവരെ ഭീതിയിൽ നിന്ന് മുക്തരാക്കി. തിരുമേനി തന്റെ അനുയായികളോടും ഇങ്ങനെ തന്നെ ചെയ്യാൻ ആവശ്യപ്പെട്ടു. ദേശത്തു നിന്നും രോഗം പൂർണമായി മാറും വരെ തിരുമേനി പ്രാർത്ഥനാപൂർവ്വം അവിടെ തന്നെ തുടർന്നു. തിരുമേനിയോടുള്ള വിശ്വാസവും ആദരവും പ്രാദേശിക നിവാസികൾക്ക് വർധിച്ചു.

ദൈവകൃപയുടെയും പ്രത്യാശയുടെയും വിളനിലമായിരുന്നു പരുമല തിരുമേനി. പരുമല സെമിനാരിയിൽ ഭക്ഷണം ഇല്ലാതെ വന്നപ്പോൾ പാചകക്കാരൻ സങ്കടം ഉണർത്തിച്ചു. ദൈവം നോക്കിക്കൊള്ളുമെന്നു തിരുമേനി പ്രതിവചിച്ചു. സന്ധ്യാനമസ്കാരവും ധ്യാനവും കഴിഞ്ഞപ്പോൾ ഒരു ഭക്തൻ അന്ന് തന്റെ വീട്ടിൽ നടന്ന വിവാഹസദ്യയുടെ ഭക്ഷണവുമായി ഒരു വള്ളത്തിൽ എത്തി അവിടെ ഏൽപ്പിച്ചു.

മറ്റൊരു സമാനമായ സംഭവം കോട്ടയത്ത് നടന്നു. പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തയുടെ പൗരോഹിത്യ സ്ഥാനാരോഹണത്തിന്റെ രജത ജൂബിലി ആഘോഷങ്ങൾ നടക്കാൻ ഇരിക്കെ കാലാവസ്ഥ പ്രതികൂലമായി മാറി. തുടർച്ചയായി പെയ്യുന്ന കനത്ത മഴ പരിപാടിയെ ദോഷമായി ബാധിച്ചേക്കുമെന്നതിനാൽ സംഘാടകർ ആകെ വിഷമത്തിൽ ആയി. എന്നാൽ തിരുമേനി തന്റെ ഞായറാഴ്ച പ്രഭാഷണത്തിൽ ദൈവഹിതപ്രകാരം നടക്കുന്ന

ക്രമീകരണങ്ങൾക്കു തടസം നേരിട്ടാൽ ദൈവം പരിഹാരം കാണുമെന്നും മഴ അവസാനിക്കുമെന്നും പ്രസംഗിച്ചു. ദിവസങ്ങൾ അടുക്കുംതോറും മഴയ്ക്ക് ഒരു കുറവും കാണാത്തതിനാൽ പലർക്കും തിരുമേനിയുടെ വാക്കുകളിൽ വിശ്വാസം തോന്നിയില്ല. എന്നാൽ ദൈവത്തിന്റെ പദ്ധതിയിൽ വിശ്വസിച്ച തിരുമേനി മുൻകൂട്ടി തീരുമാനിച്ച പോലെ തന്നെ എല്ലാ പ്രവർത്തനങ്ങളും നടത്താൻ നിർദേശിച്ചു. അതിശയം എന്ന് പറയട്ടെ, കനത്ത മഴ നിന്നു. എല്ലാ ആഘോഷങ്ങളും ആസൂത്രണം ചെയ്ത പ്രകാരം നടന്നു. തിരുമേനിയുടെ വിശ്വാസവും ആത്മീക ദൃഷ്ടിയും അപാരം തന്നെ.

യാമം തോറും പ്രാർത്ഥന, ധ്യാനം, നമസ്കാരം ഇവയെല്ലാം മൂലം പരുമല സെമിനാരിയും ചാപ്പലും വിശുദ്ധരുടെ ശക്തികേന്ദ്രമായി. തിരുമേനി അനേകം വൈദികരെ പട്ടം അണിയിച്ചു, ശെമ്മാശ്ശൻമാരെയും കോറൂയന്മാരെയും ഉയർത്തി മലങ്കര സഭയ്ക്കു സംഭാവനയായി നൽകി. മാർത്തോമാ ശ്ലീഹായുടെ പിൻഗാമി ആയ തിരുമേനി മലങ്കര സഭയുടെ മണിവിളക്കാണ്. വിശുദ്ധി നിറഞ്ഞ തിരുമേനി അനേകരെ വിശുദ്ധിയിലേക്ക് നയിച്ചു. പ്രാർത്ഥന, നോമ്പ്, ഉപവാസം, തപസ്സ്, ജാഗരണം എന്നിവയാൽ ആത്മീയ ശക്തി നേടിയ തിരുമേനി വിശ്വാസികളെ ആത്മീയ ശക്തിയുള്ള വിശുദ്ധരാക്കി. തിരുമേനിയുടെ പ്രാർത്ഥനകളും സേവനങ്ങളും ലളിത ജീവിതശൈലിയും പിന്തുടരാൻ തന്റെ അനുയായികളോട് തിരുമേനി നിർദേശിച്ചു. സ്വജീവിതം ഒരു പാഠമായി അവർക്കു കാണിച്ചു കൊടുത്തു. അനുയായികളും വൈദിക ശ്രേഷ്ഠന്മാരും തിരുമേനിയെ ബഹുമാനപൂർവം അനുസരിച്ചിരുന്നു.

തിരുമേനി തൃപ്പൂണിത്തറ നടമേൽ പള്ളിയിൽ താമസിക്കുമ്പോൾ ഉണ്ടായ ഒരു സംഭവം. ഒരു വിശ്വാസി നടന്നു പോകുമ്പോൾ പള്ളിയുടെ സമീപത്തുവെച്ച കണ്ട ഒരു പശുവിനെ വാത്സല്യപൂർവ്വം സ്പർശിച്ചു. ഇത് കണ്ടു ക്ഷുഭിതനായ പശുവിന്റെ ഉടമസ്ഥൻ അദ്ദേഹത്തെ തല്ലി. തല്ലു കിട്ടിയ കാര്യം അദ്ദേഹം തിരുമേനിയെ അറിയിച്ചു. ആരാണ് തല്ലിയതെന്നു ചോദിക്കാതെ തിരുമേനി സങ്കടക്കാരനെ ആശ്വസിപ്പിച്ചു. എന്നാൽ അടുത്ത ദിവസം പശുവിന്റെ ഉടമസ്ഥന് വലതു കൈയിൽ കഠിനമായ വേദന അനുഭവപ്പെട്ടു. അദ്ദേഹം തിരുമേനിയുടെ അടുത്തെത്തി കാര്യം പറഞ്ഞു. തിരുമേനി അദ്ദേഹത്തെ ഉപദേശിച്ചിട്ടു വേദന കാര്യമാക്കേണ്ടതില്ല എന്ന് പറഞ്ഞു. അപ്പോൾ തന്നെ അദ്ദേഹത്തിന്റെ വേദനയ്ക്ക് ശമനം ഉണ്ടായി. പിന്നീട് അദ്ദേഹം എപ്പോൾ ആ പ്രദേശത്തു വന്നാലും തിരുമേനിയെ സന്ദർശിച്ചു കൈമുത്തുക പതിവാക്കി.

1895-ൽ വിശുദ്ധ നാട് സന്ദർശിക്കാനുള്ള അവസരം തിരുമേനിക്ക് ലഭിച്ചു. കർത്താവിന്റെ കല്ലറയും, മറുരൂപമലയും, കാൽവരിയും, സെഹിയോൻ മാളികയും, യോർദാൻ നദി, ബെത്ലെഹേം, ഗത്സമനെ എന്നിങ്ങനെ പ്രധാന വിശുദ്ധസ്ഥലങ്ങൾ ഒക്കെയും തന്റെ തീർത്ഥാടനകാലത്ത് തിരുമേനി സന്ദർശിച്ചു. അവിടെയുള്ളപ്പോൾ സുറിയാനി പള്ളിയുടെ അൾത്താരകളിൽ ഹാശാ ആഴ്ചയിലെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. മടങ്ങിയെത്തിയ തിരുമേനി മലങ്കരയിലെ എല്ലാ ഇടവകകളിൽ നിന്നും ഒരു നിശ്ചിത തുക സമാഹരിച്ച് ജറുസലേമിലെ വിശുദ്ധ ദേവാലയത്തിലേക്ക് ഒരു വെള്ളിക്കുരിശ് അയച്ചുകൊടുത്തു. ആത്മ വിശുദ്ധി, നിർമ്മലത എന്നിവയാൽ ലോകജയം നേടി മലങ്കര സഭയിൽ ശോഭിക്കുന്ന നക്ഷത്രമാണ് തിരുമേനി.

നിങ്ങളില് മഹാന് ആകുവാന് ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരന് ആകേണം (മത്തായി 20:26)" എന്ന് യേശു ക്രിസ്തു അരുളിചെയ്തത് പരുമല തിരുമേനി തന്റെ ജീവിതത്തിലൂടെ നമുക്കും കാണിച്ചു തന്നു. അതുപോലെ ദുരിതമനുഭവിക്കുന്നവരുടെ ജീവിതത്തിലേക്ക് ദൈവത്തിന്റെ നിരുപാധികമായ സ്നേഹം നമുക്ക് പങ്കുവെക്കാം. ദൈവവുമായുള്ള കൂട്ടായ്മയിൽ അച്ചടക്കത്തോടെയുള്ള പ്രാർത്ഥനാ ജീവിതം നയിച്ചു ദൈവവുമായി ആശയവിനിമയം നടത്താനും അവനിൽ നിന്ന് മാർഗനിർദേശം സ്വീകരിക്കാനും നമുക്ക് സാധിക്കണം. ദൈവത്തിൽ ആശ്രയിച്ചു, അവൻ നമ്മളെ കരുതും എന്ന വിശ്വാസത്തിൽ അധിഷ്ഠിതമായ ജീവിതം നയിക്കാൻ സഹായിക്കണേ എന്ന് നമുക്ക് പരുമല തിരുമേനിയോട് മദ്ധ്യസ്ഥത യാചിക്കാം.



***Saying (Sookthangal)***

***Duties of the Church:*** *Duties of the church shall be considered more important than own affairs and fulfil them even with hardship.*

***In church matters:*** *Believe fully that God is in church,and matters of church are your own. If you owe anything, pay it with due interest.*

***What is due to church:*** *Whatever is due to church must be given forthwith. If your mind is pure in this matter, affairs in your house will be pleasant.*

***Importance of Learning:*** *all will agree that life and light in both worldly or spiritual realm, is nothing but learning. Our Lord Jesus Christ in all His Grace did give prime importance to learning and instructed his disciples to follow the same.*



*From Left-Rene Vilatte Mor Thimotheos, Murimattom Mor Ivanios, Pulikottil Mor Divanyasious V,Kadavil Mor Athanasius, Chathuruthy Mor Gregorios, Mor Julius Alvarez*

## മണി നാദം ദുഃഖ മണി നാദം -ആസ്വാദനം - Jaya Soney

മണിനാദം.... ദുഃഖേ മണിനാദം....
കരളിന്നുൾക്കിടിലവുമായ് കാതിൽ വന്നണയുന്നൊരു
മണിനാദം.... ദുഃഖേ മണിനാദം....

മലയാങ്കര സഭ മുഴുവൻ
മലയാളക്കര മുഴുവൻ
മാലോകരൊന്നാകെ ഞടുങ്ങുന്നൊരിടിനാദം
മണിനാദം.... ദുഃഖേ മണിനാദം....

പരാമലയുടെ പരിശുദ്ധൻ
പരലോകം പൂകിയതാം
പരിതാപമെഴും വാർത്ത
വിളംബരം ചെയ്യുന്നൊരു
മണിനാദം.... ദുഃഖേ മണിനാദം....

ആ പുണ്യ താതൻ തൻ സവിധേയെത്തി
തൃക്കൈ മുത്തി മടങ്ങാൻ
ആബാലവൃദ്ധങ്ങൾ അണയും നേരം
ആ വാർത്ത കേട്ട് കരഞ്ഞു
മണിനാദം.... ദുഃഖേ മണിനാദം....

അനവധി ദിനരാത്രം അതിവേദനയാൽ
അന്ത്യം അടുത്തെന്നറിഞ്ഞു
തീയതിയിന്നെന്തായെന്നാരാഞ്ഞിട്ടു
രണ്ടു ദിനം കാത്തു താതൻ
മണിനാദം.... ദുഃഖേ മണിനാദം....

തൻ ദേഹവിയോഗം തൻ മുൻകൂട്ടിക്കണ്ട
ദിവസം വന്നു ചേർന്നു
നാടുരാത്രി മണിയൊന്നായ് മുറിക്കുള്ളിൽ ആകെ
തെളിവോലും നറു മണം വീശി
വിറയാർന്ന ശിഷ്യഗണം ശുശ്രൂഷയെല്ലാം
ഉരുവിട്ടത് ശ്രദ്ധിച്ച ശേഷം
കർത്താവേ......
കർത്താവേയെന്നെ തൃക്കരമതിലേറ്റണമേ
എന്നരുളീട്ടാ മിഴികൾ പൂട്ടി
മണിനാദം.... ദുഃഖേ മണിനാദം....

പുണ്യവാന്റെ ജീവൻ ഉന്നതത്തിലേക്ക്
വാനസേനയൊത്തു ചേർന്നു ദിവ്യജ്യോതിസ്സായി
ആലയത്തിനുപരി പൊൻ പ്രകാശമെത്തി
പ്രാവുകൾ കുറുകി ചിറകടിച്ചു പൊങ്ങി
പ്രിയനായവനീ കൊച്ചാബൂനെ നാം
പിൻഗാമിയായ്ക്കണ്ട സ്വപ്നങ്ങളെല്ലാം
വ്യർത്ഥമായഹോ എന്റെ വലതു കൈ തളർന്നു
കരഞ്ഞു പുലിക്കോട്ടിൽ വലിയ തിരുമേനി
മണിനാദം.... ദുഃഖേ മണിനാദം....

ഗുരുവിന്റെ വിയോഗത്താൽ വേദനയോടെ
വാർന്നൊഴുകും മിഴിനീരാൽ പ്രിയ ശിഷ്യന്മാർ
മലങ്കരയുടെ മല്പ്പാനും പുന്നൂസ് റമ്പാനും
മാനഭാരത്താൽ വീണു വിറങ്ങലിച്ചു
അംശവസ്ത്രമെല്ലാം അണിയിച്ചിരുത്തി
കൈമുത്തും നഗരികാണിക്കലും കഴിഞ്ഞു
പണ്ടൊരുനാൾ താതൻ കല്പിച്ച സ്ഥാനത്തു
പിറ്റേന്ന് കബറതിലായ് സംസ്കരിച്ചു
മണിനാദം.... ദുഃഖേ മണിനാദം....
മണിനാദം....
അവിടിന്നൊരു നിധിവിളയും ഭണ്ധാരമായി
അവിടമൊരത്ഭുത തീർത്ഥാടന കേന്ദ്രമായി....

ഈ ഗാനം കേൾക്കുമ്പോൾ 121 വർഷങ്ങൾക്കു മുൻപ് നടന്ന പരിശുദ്ധ പരുമല തിരുമേനിയുടെ വിയോഗം, നഗരികാണിക്കൽ, കബറടക്കം. തുടങ്ങിയവ ഒരു ചിത്രം പോലെ കാണുവാനും അതിൽ സംബന്ധിച്ചതുപോലെ അനുഭവപ്പെടാനും നമുക്കൊരോത്തർക്കും സാധ്യമാകും. പുരാതന കാലം മുതൽ ഇടവിട്ടുള്ള പള്ളിമണികൾ മുഴക്കി ആയിരുന്നു ദേവാലയങ്ങളിൽ മരണം അറിയിച്ചിരുന്നത്. സോഷ്യൽ മീഡിയയോ ഫോണോ ഒന്നും ഇല്ലാതിരുന്ന കാലത്തും പള്ളിമണി കേട്ട് ദേവാലയത്തിലേക്ക് വന്നായിരുന്നു വിശ്വാസികൾ ഇടവകക്കാരുടെ മരണവിവരം അറിഞ്ഞിരുന്നത്. നാട്ടിലെ പള്ളികളിൽ ഇന്നും ആ പതിവ് തുടരുന്നു.

3 വർഷത്തോളം രോഗാവസ്ഥയിൽ ആയിരുന്നിട്ടും തിരുമേനി, പ്രാർത്ഥന, നോമ്പ്, ഉപവാസം എന്നിവയ്ക്കൊന്നും ഒരു മുടക്കവും വരുത്തിയില്ല. ആചാരാനുഷ്ടാനങ്ങൾ മാറ്റിവച്ചു മരുന്ന് കഴിക്കുവാൻ നിർബന്ധിച്ചവരോട്, "ഉപവാസത്താലും പ്രാർത്ഥനയിലും അല്ലാതെ ഈ ജാതി ഒഴിഞ്ഞു പോകയില്ല" എന്നായിരുന്നു മറുപടി. "നിഷ്ഠയില്ലാത്തവനായി ജീവിക്കുന്നതിനേക്കാൾ നിഷ്ഠയുള്ളവനായി മരിക്കുന്നതത്രെ എനിക്കിഷ്ടം" എന്ന് തിരുമേനി പറഞ്ഞിട്ടുണ്ട്.

ഉത്തമനായ ശിഷ്യന്റെയും ത്യാഗവും അർപ്പണബോധവുമുള്ള ഗുരുവിന്റെയും വിയോഗത്തിൽ ആബാലവൃദ്ധം കണ്ണുനീർ വാർക്കുന്നു. തന്റെ രോഗാവസ്ഥയിൽ ശിഷ്യനായ വട്ടശ്ശേരിൽ മല്പാനെ, വ്യക്തിപരവും ഔദ്യോഗികവുമായ കാര്യങ്ങൾ, സ്ഥാനവസ്ത്രങ്ങളും താക്കോലും വരെ ഏൽപ്പിച്ചു. തിരുമേനി, അനേകം ശിഷ്യന്മാരെ സത്യവിശ്വാസത്തിൽ അഭ്യസിപ്പിച്ചു. അവരിൽ ചിലരാണ് ഭാഗ്യസ്മരണാർഹരായ പാമ്പാടി തിരുമേനി, ഗീവര്ഗീസ് ദ്വിതിയൻ ബാവ, വട്ടശ്ശേരിൽ തിരുമേനി തുടങ്ങിയവർ. തിരുമേനിയുടെ വേർപാടിൽ മലങ്കര മെത്രാപോലിത്ത പുലിക്കോട്ടിൽ തിരുമേനി, ദുഖഃപാരവശ്യത്താൽ കരഞ്ഞു എന്ന് നമ്മൾ കേട്ടുവല്ലോ. കേവലം ലോകപ്രകാരമുള്ള വേർപാടിനെക്കാൾ, തനിക്കു താങ്ങായും തണലായും നിന്ന ഒരു ആത്മീയ സാന്ത്വനത്തിന്റെ വേർപാടായിരുന്നു വലിയ തിരുമേനിയെ തളർത്തിയത്. അസിസ്റ്റന്റ് മലങ്കര മെത്രാപോലിത്ത ആയിരുന്ന പരുമല തിരുമേനിയും പുലിക്കോട്ടിൽ തിരുമേനിയും തമ്മിൽ ഉണ്ടായിരുന്നത് ഗുരുശിഷ്യബന്ധം, പിതൃപുത്രബന്ധം എന്നിവയ്ക്കൊക്കെ അതീതമായ ഒരു ആത്മബന്ധം ആയിരുന്നു. ഒരു പക്ഷെ, തന്റെ പിൻഗാമിയായി മനസ്സിൽ കണ്ടിരുന്ന ആളുടെ വേർപാട് മൂലം ഉണ്ടായ ദുഃഖം അല്പം സ്വാർത്ഥപരമായി നമുക്ക് തോന്നാം. തിരുമേനി ഉത്തമനായ ഒരു ന്യായാധിപനുമായിരുന്നു.

തിരുമേനി രോഗാവസ്ഥയിൽ കണ്ട ഒരു സ്വപ്നത്തിൽ മദ്ബഹായുടെ വടക്കുഭാഗത് ഒരു നിക്ഷേപം കരുതിയിട്ടുണ്ടെന്നും, അത് പരുമല സെമിനാരി, എം ജി എം ഹൈസ്കൂൾ എന്നിവയുടെ നിർമാണം പൂർത്തീകരിക്കാൻ സഹായകം ആവുമെന്നും കണ്ടു. പരുമല തിരുമേനിയുടെ കബർ മലങ്കരസഭാമക്കൾക്കു മാത്രമല്ല, നാനാജാതിമതസ്ഥർക്കും ഒരു അഭയകേന്ദ്രം ആണ്. വിശുദ്ധന്മാർ, ലോകത്തിനു സഹായങ്ങൾ ഒഴുക്കുന്ന ഉറവകളും, അവരുടെ അസ്ഥികളാകുന്ന നിക്ഷേപത്തിൽ ശക്തി വസിക്കുന്നവരും ആകുന്നു എന്ന് പാമ്പാക്കുട നമസ്കാരത്തിൽ നാം പ്രാർത്ഥിക്കുന്നുണ്ടല്ലോ. തിരുമേനിയുടെ പ്രാർത്ഥന, ഭൗതികാവശിഷ്ടം, കൂടാതെ കബറിലെ നേർച്ച ഇവയെല്ലാം തീർച്ചയായും നമുക്ക് നിധിയാണ്. ആ ധനം അനേകം പുണ്യപ്രവൃത്തികൾക്കായും അശരണരുടെ കണ്ണീർ ഒപ്പാനും സഹായിക്കുന്നു.

വായന കുറവും കേൾവിക്കും കാഴ്ചയ്ക്കും കൂടുതൽ പ്രാധാന്യം നൽകുന്നതുമായ ഈ തലമുറയ്ക്ക്, പരിശുദ്ധ പരുമല തിരുമേനിയെക്കുറിച്ചുള്ള ഭക്തിഗാനങ്ങൾ കേൾക്കാനും, അതിൽ കൂടി ജീവിതം ചിട്ടപ്പെടുത്താനും ഇടയാവട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. ആ പരിശുദ്ധൻ കാട്ടിത്തന്ന ദൈവബന്ധത്തിന്റെയും ദൈവകൃപയുടെയും ഒരു പങ്ക് നമ്മുടെ ജീവിതങ്ങളിൽ പകർത്തുവാൻ കഴിഞ്ഞാൽ നമ്മുടെ ജീവിതം ആത്മികമായി സാർത്ഥകമായി. തിരുമേനിയുടെ പ്രാർത്ഥനയും മധ്യസ്ഥതയും കാവലും കോട്ടയും ആയിരിക്കട്ടെ.



*Signature of Parumala St. Gregorios Thirumeni*

# പരുമല തിരുമേനിയെക്കുറിച്ച് രാജാരവിവർമ്മയുടെ സാക്ഷ്യം ഒരു കത്തിലൂടെ

**മാർ** ഗ്രിഗോറിയോസ് മെത്രാപ്പോലീത്താവിന്റെ ചിത്രം മിക്കതും എഴുതി തീർന്നിരിക്കുന്നു. എനിക്കു മാസം പുറന്നു 15നു യൊടു മൈസൂർക്കു പോകേണ്ടിയിരിക്കുന്നതും, പോയാൽപിന്നെ കുറെ താമസമുള്ളതിനാൽ നിങ്ങളുടെ അപേക്ഷയെ സാധിച്ചു തരുന്നതിനു അധികം താമസമായിപ്പോകുമെന്നും വിചാരിച്ച് മറ്റുള്ള ബുദ്ധിമുട്ടുകളുണ്ടെങ്കിലും അത് പത്തു ദിവസത്തേക്കു ഒന്നു നിറുത്തി വെച്ച് ഉടനെ ഇത് തീർക്കാൻ തുടങ്ങിയതാണ്. ചിത്രം ഈ മാസം 30നോടുകൂടി വാർണിഷ് ഇട്ടു ശരിയാക്കി തിരുവനന്തപുരത്ത് കൊണ്ടുപോയി വക്കീൽ മിസ്റ്റർ ജോണിനെ ഏൽപ്പിക്കുന്നതാണ്. ഈ ചിത്രം വേണ്ടവിധം മനസ്സിരുത്തിയും ഭംഗിയായും എഴുതിയിട്ടുണ്ട്. **എന്നാൽ ഈ ചിത്രം എഴുതിയതോടുകൂടി ആ മഹാനു ഒരു അമാനുഷ മഹാത്മ്യവും ഒണ്ടെന്നുള്ളത് എനിക്കും തോന്നാനിടയായി.** എന്തെന്നാൽ ഈ ചിത്രം ആദ്യം ഒന്നെഴുതി കുറെ ആയപ്പോൾ സൈസ്സ് കൊണ്ടോ എന്തോ ഇത് മതിയായില്ലെന്നുള്ള ഒരഭിപ്രായം എനിക്ക് തോന്നിത്തുടങ്ങി. ഉടനെ ഫോട്ടോ എടുത്തു ഒത്തുനോക്കും. ഒരു കുറവും വ്യത്യാസവും തോന്നുകയില്ല - എങ്കിലും പോരെന്നുള്ളത് തോ ന്നുകയും ചെയ്യും. എന്തിനു ഒടുക്കം കുറെക്കൂടി വലിപ്പത്തിലും ഭംഗിയിലും എന്നെക്കൊണ്ട് ഒരുചിത്രംകൂടെ തീർപ്പിച്ചു എന്നേപറയാനുള്ളൂ- ഇപ്പോൾ നിങ്ങളുടെ അപേക്ഷപ്രകാരമുള്ള ഒരു വലിയ ചിത്രവും അതിലല്പം ചെറുതായി മുൻപിൽതുടങ്ങി പാതിയായ ഒരു ചിത്രവും. ഇങ്ങനെ രണ്ടെണ്ണം മറ്റൊരു ജോലിക്കും അവസരമില്ലാത്ത എന്നെക്കൊണ്ട് ഈ സന്ദർഭത്തിൽ തീർപ്പിക്കുന്നതിന് ആ മഹാത്മാവ് അനുഗ്രഹിച്ചിരിക്കുന്നു. ഏതായാലും ആ ചെറിയചിത്രവും ശരിയായി മുഴുവനാക്കി വെയ്ക്കാൻ തന്നെ ഞാൻ തീർച്ചയാക്കിയിരിക്കുന്നു. നിങ്ങളുടെ സമുദായത്തിൽതന്നെ ഇത് വാങ്ങിച്ച് വെയ്ക്കുന്നതിന് ആർക്കെങ്കിലും ആ മഹാനിലുള്ള ഭക്തികൊണ്ട് ആഗ്രഹമുള്ളപക്ഷം എനിക്ക് സ്വല്പം നഷ്ടംവന്നാലും ഒരു കുറഞ്ഞതുക (300 Or 250)യ്ക്ക് സന്തോഷമായി ഞാൻ കൊടുക്കുന്നതാണ്. വലിയ ചിത്രത്തിന്റെ വകയ്ക്കുള്ള അഞ്ഞൂറ് രൂപയും ഞാൻ മൈസൂർക്ക് പോകുന്നവഴിക്ക് വൃശ്ചികം 15നു തിരുവനന്തപുരത്ത് വരുമ്പോൾ തരത്തക്കവണ്ണം വക്കീൽ മിസ്റ്റർ. ജോൺ വശം തയ്യാറായിരിക്കുകയും വേണം.

ഈ എഴുത്തുകിട്ടിയ വിവരത്തിന് മറുപടിയും ഉടനെ അയയ്ക്കുമല്ലോ.

കിളിമാനൂർ
81 തുലാം 15

എന്ന്,
Ravi Varma
1905
രവിവർമ്മ.






## *Unveiling the Sacred Parumala Thirumeni - Insights from the Penkeetha Prayers*

**By: Philip Philips (Acolytes)**

India, a land rich in spiritual diversity and tradition, is home to numerous pilgrimage sites that hold deep religious significance. Among these, Parumala Thirumeni shines as a cherished destination for Orthodox Christians. Rooted in centuries of faith and devotion, the Penkeetha Prayers book is at the heart of this spiritual journey. In this comprehensive exploration, we embark on a profound journey to discover Parumala Thirumeni, guided by the wisdom encapsulated in the Penkeetha Prayers. We'll delve into the historical roots, spiritual significance, and faith-enriching aspects of this sacred treasure, and along the way, we'll encounter ten poignant quotes from the Penkeetha Prayers, each offering profound insights into the Orthodox Christian faith.

### Historical Roots and Origins

To truly appreciate the spiritual depth of Parumala Thirumeni and the Penkeetha Prayers, we must begin by understanding their historical roots. Located amidst the serene landscapes of Kerala, Parumala stands as the final resting place of Saint Gregorios, fondly known as Parumala Thirumeni. Born in 1848, living only a short span of life, Thirumeni left an indelible mark on the Orthodox Christian community in India. With his untimely passing away in 1902, there began venerating a legacy he left that endures to this day. Parumala became a pilgrimage site, drawing devoted souls from far and wide who sought solace and inspiration in the presence of this revered saint.

The Penkeetha Prayers, entwined with the history of Parumala Thirumeni, is a testament to the enduring faith of Orthodox Christians. This sacred text serves as both a guide for prayer and worship and a repository of the spiritual teachings and rituals of the Orthodox Christian tradition.

### The Significance of Parumala Thirumeni

For Orthodox Christians, Parumala Thirumeni represents a sacred haven where faith takes root and blossoms. It is a place of worship, reflection, and pilgrimage. The Parumala Church, dedicated to Saint Gregorios, stands as a resplendent architectural masterpiece that exudes serenity and tranquility, offering a place where the faithful can be drawn closer to God.

The annual pilgrimage to Parumala Thirumeni's tomb occupies a pivotal place in the Orthodox Christian calendar. Thousands of devotees gather to commemorate the life and teachings of Saint Gregorios during this sacred time. The atmosphere resonates with reverence and devotion as pilgrims partake in prayer services and liturgies, enveloped in the aura of ancient spirituality.

The book of Penkeetha Prayers, a spiritual compass, guides the faithful through these religious ceremonies. It comprises a collection of prayers, hymns, and liturgical texts, each word imbued with profound spiritual significance. Let's pause to reflect on ten quotes from the Penkeetha Prayers, each providing unique insights into the essence of Orthodox Christian faith:

- Quote: *"Lord, make us worthy to offer you a pure confession with fervor and love."
- Relevance: This prayer reflects the fundamental importance of purity and sincerity in one's relationship with God. It emphasizes the Orthodox Christian belief in the need for heartfelt confession of faith and true repentance with a genuine love for the Divine.
- Quote: *"Grant, O Lord, that we may be enlightened by the virtues of self-control, humility, and patience."
- Relevance: This prayer underscores the virtues that are central to Orthodox Christian ethics. Self-control, humility, and patience are seen as pathways to spiritual enlightenment and closeness to God.
- Quote: *"Let us offer thanksgiving to the Lord for His boundless grace, seeking His mercy and guidance."
- Relevance: Gratitude and reliance on God's grace are foundational principles in Orthodox Christian faith. This prayer reminds believers of the importance of acknowledging God's blessings and seeking His guidance in all aspects of life.
- Quote: *"Guide us, O Lord, to walk in the path of righteousness, shining as lights in the world."
- Relevance: Righteous living and being a beacon of light are central to Orthodox Christian teachings. This prayer serves as a reminder of the believer's responsibility to exemplify virtuous living in the world.
- Quote: *"May the love of Christ dwell in our hearts, unifying us in faith, hope, and charity."
- Relevance: Love, faith, hope, and charity are considered the cornerstones of Christian life. This prayer encapsulates the aspiration for a faith community that is united by these virtues.
- Quote: *"In times of trial and tribulation, may our faith in You, O Lord, remain steadfast and unwavering."
- Relevance: This prayer acknowledges the challenges that believers may face and expresses the unwavering faith that Orthodox Christians strive to maintain, even in the face of adversity.
- Quote: *"Grant us the wisdom to discern Your will and the courage to follow it faithfully."
- Relevance: Seeking and following God's will is a fundamental aspect of Orthodox Christian faith. This prayer seeks divine guidance and the courage to act in accordance with God's plan.

These quotes offer profound insights into the Orthodox Christian faith, serving as guideposts for believers on their spiritual journeys. They emphasize the importance of purity, virtue, gratitude, love, and unwavering faith in the life of an Orthodox Christian.

**The Penkeetha Prayers: A Beacon of Faith**

The book of Penkeetha Prayers, written in the Malayalam language, holds a cherished place in the hearts of Orthodox Christians. Its contents encompass a wide range of prayers, including morning and evening prayers, sacramental rites, and special petitions. Each prayer is a profound expression of faith and devotion, serving as a channel through which believers can communicate with the Divine.

This sacred book plays a central role in religious ceremonies connected to Parumala Thirumeni. It provides the liturgical framework for various services and rituals, shaping the spiritual experiences of the faithful. These beautiful prayers foster unity among Orthodox Christians, bridging the gaps of individual backgrounds and experiences. Through shared prayers, a strong sense of community and fellowship thrives.

**Origins and Preservation**

The origins of the Penkeetha Prayers trace back to the spiritual luminaries of the Orthodox Christian tradition. It is a testament to the dedication and devotion of generations of faithful believers who meticulously preserved and passed down the sacred teachings. Efforts to maintain the heritage and sanctity of Parumala Thirumeni have been unwavering. Restoration projects have ensured that this sacred site remains a beacon of spirituality. Similarly, the Penkeetha Prayers book is carefully used and preserved, with multiple editions ensuring its accessibility to all who seek spiritual guidance.

Promoting the significance of Parumala Thirumeni and the Penkeetha Prayers remains an ongoing endeavor. Pilgrimage tourism has also brought wider attention to this sacred site, allowing people from diverse backgrounds to learn about the rich spiritual heritage it represents. Interfaith dialogue and cultural exchanges have further facilitated the sharing of knowledge and traditions.

In conclusion, the feast and remembrance of Parumala Thirumeni and the Penkeetha Prayers are intertwined elements of the Orthodox Christian faith in India. They symbolize a profound connection to spirituality, history, and community. As pilgrims continue to flock to the tomb of Parumala Thirumeni, and as the Penkeetha Prayers continue to guide their prayers, the legacy of Saint Gregorios and the enduring faith of Orthodox Christians would live on. They stand as a testament to the power of faith and the enduring relevance of sacred traditions in an ever-changing world.

## *Parumala Thirumeni- Caught by Social Cries*

**By: Jeffin Tom Jacob (Acolytes)**

In the Orthodox faith, there are very few people who are declared saints; Saint Geevarghese Mor Gregorios, with love known as Parumala Thirumeni, the veteran saint is one of them. Parumala Thirumeni was a deacon when Geevarghese of Chathuruthy (Malpan), his teacher, was affected by smallpox. Thirumeni stayed behind and took care of Malpan. However, on the eighth day, Malpan died, leaving Thirumeni with the sickness. During this course of time, Thirumeni had a vision of St. Mary in his dream consoling him, and urging him to dedicate the rest of his life to the Lord. This vision enabled him to serve the Lord as a monk.

Parumala Thirumeni was well versed in the Syriac language, and the language excited him to learn it. Thirumeni strongly believed that prayers played an important role in the Holy Qurbana. He always wanted to be closer to God through prayer. This dedicated saint left for his heavenly abode because of an ulcer in his stomach. The ulcer was caused by his eating habits; Thirumeni was always fasting and praying. He wrapped a red cloth around his waist to get rid of hunger or be unaware of hunger, which was one of the primary reasons for ulcers.

Thirumeni believed in serving the society. He was closely associated, working with people affected by sickness and disease. He was unconcerned about how he might be affected while treating the ill. Thirumeni also believed the church must focus on primary education for children, as they are an integral part of society. Thirumeni took the initiative to start various schools in Kerala. He also ensured there was no scope for racism in terms of religion or caste in education, as everyone got the opportunity to learn.

Christianity is a way of life wherein we find a balance between peace and happiness through prayer and serving the community. Thirumeni's lifestyle and prayers are an inspiration for humanity. As human beings, we should learn to lead a life wherein we try to help each other in times of trouble. God always helps us out when we are going through a hard time. The help is delivered in various ways; it can be as blessings or through a person.

Parumala Thirumeni shed happiness in people's lives when they were in trouble, or indeed, of his help. As Christians, we also look up to Thirumeni for intercessory prayers to pray on behalf of us. This in turn implies that Thirumeni is serving humankind in his heavenly abode through social cries and needs through intercessory prayers and blessings.



1061
1885

*Kalpana by Parumala Thirumeni*

**Timeline of Parumala Thirumeni**

St. Gregorios Geevarghese, popularly known as "PARUMALA THIRUMENI" was born into a distinguished priestly family of 'Pallathattu Thanagattu' in the village of Mulanthuruthy near Cochin, India on 15th June 1848.

A deacon at the age of 10, a priest at the age of 18, a bishop at the young age of 28 (the reason for calling him 'Kochu Thirumeni'); he passed away at the age of 54 on 02 nd November 1902, after a saintly life of prayer to become the brightest jewel of the Church.

St. Gregorios was blessed with the order of Korooyo at the tender age of ten by Palakkunnath Mathews Mar Athanasius at the Karingachira St. George Jacobite Syrian Church.

At the age of 18, he was ordained Shamshono by Yuyakim Mar Coorilos Metropolitan. The very next month Shamshono Geevarghese was ordained a Kassisso (full priest) and later Corepiscopa, again at the blessed hands of HG Yuyakim Mar Coorilos. Later he settled at the Vettickal Dayara near Mulanthuruthy where he led a very strict monastic life. In 1872 he was professed a Ramban (Monk-Priest) by HG Mor Dionysius V Pulikkottil.

His Grace's long-standing desire to visit the Holy Land was fulfilled in 1895, nineteen years after his ordination as Metropolitan. During his pilgrimage, he stayed at the "Sehion Malika" (Monastery of St. Mark) which was the diocesan headquarters of the Syrian Orthodox Metropolitan. During his stay there, H.G. visited almost all the important places of Christendom and led the Passion Week services in the Holy City. On his return, His Grace collected a certain amount from all the Parishes in Malankara and sent a Silver Cross as offering to the Holy church in Jerusalem.

At the age of 54 Thirumeni became seriously sick. He knew that his end was near. While the Metropolitans and priests and others were praying, Kochu Thirumeni uttered, "MY LORD" and closed his eyes. On the late night of November 2, 1902, Kochu Thirumeni passed away. The following day, his mortal remains were laid to rest at St. Peter's and St. Paul's Church in Parumala..








Drawing By:
Serene Varghese
Grade 7 , Sunday School

*'Urava' means an ever-flowing source of water. It could be the beginning point of a large stream that can quench the thirst of whoever is approaching. This literary initiative by OCYM aims to provide enlightening thoughts and ideas to thirsty souls for their spiritual edification.*

*This will serve as a hub for writers and thinkers to express their views and share their insights into the vibrant life of our community.*

*This project showcases what more we could achieve when our entire Church comes together to create something unique. Through these pages, our beloved members share their musings, reflections, and testimonials for this issue's theme 'Parumala Thirumeni'*

*This journal serves as a tribute to the unfading presence of Parumala Thirumeni as our intercessor and spiritual guide. It is a testament to the profound influence he continues to have on our lives. Within these pages, we will find personal narratives and experiences shared by individuals whose lives have been touched by the saint's benevolent intercession.*

*Parumala Thirumeni's own spiritual journey, filled with dedication and selfless service, provides a source of inspiration. His life's journey was marked by unwavering faith, and ever-yielding commitment to God. His life continues to be a model for all of us, reminding us of the importance of selfless service to humanity and the transformative power of faith. May this journal serve as a source of enlightenment and inspiration, bringing us closer to the radiant presence of Parumala Thirumeni and deepening our understanding of the enduring legacy of this remarkable saint. Let these pages be a reminder that Thirumeni as a guiding star continues to lead us on our spiritual journey.*





**Inner Page Contest Winner :**
Drawing By: Nanma Susan Siju
Grade 6, Sunday School

*We sincerely thank:*

- *Vicar and the Parish Management Committee*
- *Organizational Leaders for coordinating*
- *Contributors of Articles, Paintings, and Sketches*
- *MGOCSM for the layout design works*
- *Parish Members for participating in the Cover Icon contest*
- *Printing Coordinator*
- *All Parish Members*

With Warm Regards,

*OCYM Team & Editorial Board*